**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3230** **15-02-2024 - ൽ മറുപടിയ്ക്ക്**

**സർവ്വീസ് റോഡ് അനുവദിക്കുന്നതിനുള്ള ആവശ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അമ്പലം റോഡ്, കൈതകായൽ റോഡ് തുടങ്ങിയ റോഡുകൾക്ക് സർവ്വീസ് റോഡ് അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് വാടാനപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലൂടെ കടന്ന് പോകുന്ന ദേശീയപാത 66 ന്റെ താഴെപറയുന്ന ചെയിനേജുകളിൽ ഇരുഭാഗത്തും സർവീസ് റോഡുകൾ ഉള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>1) ചെയിനേജ് 360+940 മുതൽ 361+700 വരെ<br><br>11) ചെയിനേജ് 363+780 മുതൽ 365+060 വരെ<br><br>111) ചെയിനേജ് 366+210മുതൽ 366+982 വരെ<br><br>ചെയിനേജ് 361+700 മുതൽ 363+780 വരെ 2080 മീറ്റർ ദൂരത്തിലും ചെയിനേജ് 365+060 മുതൽ 366+210 വരെ 1150 മീറ്റർ ദൂരത്തിലും ഇരുവശത്തേക്കുമുള്ള 2 വരിപ്പാതയായി സർവീസ് റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമല്ലാത്തതിനാൽ സാങ്കേതികമായി നിർമ്മാണം സാധ്യമല്ല എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>സർവീസ് റോഡുകൾ കൂടാതെ ദേശീയപാത മുറിച്ച് കടക്കുന്നതിന് ഒരു ഫ്ലൈഓവർ, 2 വെഹിക്കുലാർ അണ്ടർ പാസുകൾ, 1 Small Vehicular Underpass, 26 ബോക്സ് കൾവർട്ടുകൾ എന്നിവ ഈ ഭാഗത്ത് നൽകിയിട്ടുണ്ട്. കൂടാതെ ചെയിനേജ് 365+150 (പുളിയംതുരുത്ത് ക്രോസ് റോഡ്), 365+820 (തളിക്കുളം - പുലമ്പുഴക്കടവ് ക്രോസ് റോഡ്) എന്നീ ഭാഗങ്ങളിൽ അധികമായി SVUP (Small Vehicular Under Pass) അനുവദിച്ചിട്ടുള്ളതിനാൽ ദേശീയപാത സുഗമമായി മുറിച്ചു കടക്കുവാൻ സാധിക്കും. അതിനാൽ സർവീസ് റോഡ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങളിൽ മറ്റ് നടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | വാടാനപ്പള്ളി പഞ്ചായത്ത് പരിധിയിലെ മേൽപ്പറഞ്ഞ റോഡുകൾക്ക് സർവ്വീസ് റോഡ് നിർമ്മിക്കുന്നതിന് അടിയന്തര നടപടി എടുക്കുമോ , വിശദാംശങ്ങൾ നൽകാമോ ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ